ഉത്തരം

(എ-ഡി) നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ വെള്ളാനിക്കൽ പാറയിൽ ടൂറിസം വികസനത്തിനുള്ള സാധ്യതാപഠനം നടത്തി പദ്ധതി തയ്യാറാക്കുന്നതിന് തിരുവനന്തപുരം ഡി.റ്റി.പി.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പാലൂർക്കോട്ട വെള്ളച്ചാട്ടം

338 (2894) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാലൂർക്കോട്ട വെള്ളച്ചാട്ടം ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിക്കണം എന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

പരിശോധിക്കുന്നതാണ്.

തുക്കാക്കരയിൽ ടൂറിസം ഗസ്റ്റ് ഹൗസ്

339 (2895) ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുക്കാക്കരയിൽ ടൂറിസം ഗസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിന് ടൂറിസം വകുപ്പിൽനിന്നും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ടൂറിസം ഗസ്റ്റ് ഹൗസിനായി തുക നീക്കിവച്ചിട്ടുണ്ടോ ;

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം ലഭ്യമാക്കുന്നതിന വകുപ്പുമായി ബന്ധപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ-ഡി) തുക്കാക്കരയിൽ ഗസ്റ്റ് ഹൗസ് നിർമ്മാണത്തിനായി ടൂറിസ വകുപ്പിന്റെ അധീനതയിൽ സ്ഥലം ലഭ്യമല്ലാത്തതിനാൽ പൊതുമരാമത്ത വകുപ്പിന്റെ അധീനതയിൽ കാക്കനാട് സിവിൽ സ്റ്റേഷന്റെ സമീപമുള്ള എൻ.ജി.ഒ

LIBRARY ARCHIVES Kerala Legislative Assembly

ക്വാർട്ടേഴ്സ് കോമ്പൗണ്ടിലുള്ള സ്ഥലം ഗസ്റ്റ് ഹൗസ് നിർമ്മാണത്തിനായി വിട്ടുനൽകാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം കൊച്ചി മെട്രോ പ്രോജക്ടിന് ആവശ്യമായതിനാൽ കൈമാറാനാകില്ല എന്ന് പ്രസ്തുത വകുപ്പ് അറിയിച്ചിട്ടുണ്ട്.

ആസ്ട്രേലിയയിൽ നിന്നുള്ള വിനോദ സഞ്ചാരികൾ

340 (2896) ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്ട്രേലിയയിൽ നിന്നുള്ള വിനോദ സഞ്ചാരികളെ കൂടുതലായി സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന് പുതിയ പദ്ധതികളെന്തെങ്കിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ ;

(സി) ആസ്ട്രേലിയൻ വിനോദ സഞ്ചാരികളുടെ കേരളത്തിലെ ആകർഷണ കേന്ദ്രങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആസ്ട്രേലിയയിലെ സിഡ്നി, മെൽബൺ എന്നീ പ്രധാന നഗരങ്ങളിലെ എയർപോർട്ടുകളിലെ ട്രാൻസ്ലെറ്റ്സ് വഴിയുള്ള കേരള ടൂറിസത്തിന്റെ പരസ്യങ്ങളിലൂടെ സഞ്ചാരികളെ ആകർഷിക്കാനുള്ള പ്രചാരണം തടർന്നുവരികയാണ്. കൂടാതെ ആസ്ട്രേലിയയിലെ പ്രമുഖ ടി.വി. ചാനലായ എസ്.ബി.എസ്. ടി.വി. വഴിയും പ്രധാന അച്ചടി മാധ്യമങ്ങൾ വഴിയും പരസ്യപ്രചരണങ്ങൾ നടത്തിവരുന്നു.

(സി) പ്രത്യേകമായി പരിശോധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly